ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

പ്രധാനവാർത്തകൾ

DATE:19.01.2025

1. വികസനത്തിന്റെ പാതയിൽ മുന്നേറുന്നതിനൊപ്പം, രാജ്യത്തിന്റെ പൈതൃകം സംരക്ഷിക്കുകയും അതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് മുന്നോട്ട് പോവുകയും വേണമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.
2. ഭരണഘടനാ നിർമ്മാണസമിതിയിലെ അംഗങ്ങളുടെ ആശയങ്ങൾ രാജ്യത്തിന് വലിയ മുതൽക്കൂട്ടാണെന്ന് പ്രധാനമന്ത്രി.
3. സ്റ്റാർട്ടപ്പ് സംസ്കാരം ഇന്ന് വലിയ നഗരങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ലെന്നും രാജ്യത്ത് സൃഷ്ടിക്കപ്പെടുന്ന പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്തണമെന്നും യുവാക്കളോട് ആവശ്യപ്പെട്ട് പ്രധാനമന്ത്രി.
4. കുടുംബശ്രീ ദേശീയ സരസ് മേളയ്ക്ക് ചെങ്ങന്നൂരിൽ നാളെ തുടക്കമാവും.
5. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ വരും ദിവസങ്ങളിൽ മഴയ്ക്ക് സാധ്യത. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
6. ഖോ-ഖോ ലോകകപ്പിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകൾ ഫൈനലിൽ. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഗോവ- ഈസ്റ്റ് ബംഗാളിനെ നേരിടും.

*********************************************

RNU TVPM

ഹെഡ്‌ലൈൻ-2

## മൻ കി ബാത്ത്

ഭരണഘടനാ നിർമ്മാണസമിതിയിലെ അംഗങ്ങളുടെ ആശയങ്ങൾ രാജ്യത്തിന് വലിയ മുതൽക്കൂട്ടാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ നൂറ്റി പതിനെട്ടാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. റിപ്പബ്ലിക് ദിനത്തിൽ ഭരണഘടന നിലവിൽ വന്നതിന്റെ 75 വർഷങ്ങൾ പൂർത്തിയാകും. ബാബാ സാഹിബ് അംബേദ്കർ, ഡോ രാജേന്ദ്ര പ്രസാദ് എന്നിവരുടെ വാക്കുകൾ ഊർജ്ജമാക്കി രാജ്യത്തിനായി പ്രവർത്തിക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

**********************

## മൻ കി ബാത്ത് -2 (ഇൻട്രോ)

ജനാധിപത്യ ഭരണസംവിധാനത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഭരണഘടനയിൽ അതീവ പ്രാധാന്യത്തോടെയാണ് പ്രതിപാദിച്ചിട്ടുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജനുവരി 25 വോട്ടേഴ്സ് ദിനമാണ് എന്ന് ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രാധാന്യത്തെപ്പറ്റിയും പരാമർശിച്ചു. ജനശക്തിക്ക് കൂടുതൽ ശക്തി പകരുന്നതിനായി, രാജ്യത്തിന്റെ ജനാധിപത്യ സംവിധാനത്തെ ശാക്തീകരിക്കാനും ജനങ്ങളോട് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

(ഹോൾഡ് വോയിസ്)

**********************

RNU TVPM

ഹെഡ്‌ലൈൻ-3

## മൻ കി ബാത്ത്- സ്റ്റാർട്ടപ്

സ്റ്റാർട്ടപ്പ് സംസ്കാരം ഇന്ന് വലിയ നഗരങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ലെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ചെറുപട്ടണങ്ങളിലെ പകുതിയിലധികം സ്റ്റാർട്ടപ്പുകളും നയിക്കുന്നത് പെൺകുട്ടികളാണ്. രാജ്യത്ത് സൃഷ്ടിക്കപ്പെടുന്ന പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ പ്രധാനമന്ത്രി ആവശ്യപ്പെട്ടു. സ്റ്റാർട്ടപ്പ് ഇന്ത്യ പദ്ധതി 9 വർഷം പൂർത്തിയാക്കിയതിനെ കുറിച്ചും അദ്ദേഹം പരാമർശിച്ചു. പ്രയാഗ് രാജിൽ നടക്കുന്ന കുംഭമേളയെ കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. സമത്വത്തിന്റെയും ഐക്യത്തിന്റെയും അസാധാരണമായ സംഗമമാണ് കുംഭമേളയെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

RNU TVPM

***********************

ഹെഡ്‌ലൈൻ-1

## മൻ കി ബാത്ത്- ബഹിരാകാശം (ഇൻട്രോ)

വികസനത്തിന്റെ പാതയിൽ മുന്നേറുന്നതിനൊപ്പം, രാജ്യത്തിന്റെ പൈതൃകം സംരക്ഷിക്കുകയും അതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് മുന്നോട്ട് പോവുകയും വേണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഈ വർഷം തുടക്കത്തിൽ തന്നെ രാജ്യം ബഹിരാകാശ മേഖലയിൽ നിരവധി ചരിത്രനേട്ടങ്ങൾ കൈവരിച്ചു. ബെംഗളൂരു ആസ്ഥാനമായുള്ള സ്റ്റാർട്ടപ്പായ പിക്സൽ, രാജ്യത്തെ ആദ്യത്തെ സ്വകാര്യ സാറ്റലൈറ്റ് കോൺസ്റ്റലേഷൻ ആയ 'ഫയർഫ്ലൈ' വിജയകരമായി വിക്ഷേപിച്ചു. ഇത് രാജ്യത്തെ സ്വകാര്യ ബഹിരാകാശ മേഖലയുടെ വളരുന്ന ശക്തിയുടെയും, നവീകരണത്തിന്റെയും പ്രതീകമാണ്. സുപ്രധാന സാങ്കേതികവിദ്യയായ 'സ്പേസ്

ഡോക്കിങ്ങിൽ' വിജയം കൈവരിക്കുന്ന നാലാമത്തെ രാജ്യമായി ഇന്ത്യ മാറിയെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

***********************

**ലക്ഷദ്വീപ് - ഹിന്തുമ്പി (ഇൻട്രോ)**

മൻ കി ബാത്തിൽ പ്രധാനമന്ത്രി നടത്തിയ പരാമർശത്തിൽ ഏറെ സന്തോഷവും അഭിമാനവും ഉണ്ടെന്ന് കവരത്തി സ്വദേശിയായ ഹിന്തുമ്പി കെ. ആകാശവാണി വാർത്തകളോട് പറഞ്ഞു. ഇത് സേവനമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ നഴ്സുമാർക്കുമുള്ള അംഗീകാരം കൂടിയാണെന്നും അവർ പ്രതികരിച്ചു.

(ഹോൾഡ് വോയിസ്)

***********************

**ലക്ഷദ്വീപ് - കെ ജി മുഹമ്മദ് (ഇൻട്രോ)**

ലക്ഷദ്വീപിലെ മിനിക്കോയ് ദ്വീപിന്റെ പാരിസ്ഥിതിക സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾ പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചതിൻറെ സന്തോഷം കെ ജി മുഹമ്മദ് ആകാശവാണി വാർത്തകളോട് പങ്കുവെച്ചു.

(ഹോൾഡ് വോയിസ്)

***********************

ഹെഡ്‌ലൈൻ-6

**ഖോഖോ ലോകകപ്പ്**

RNU TVPM

ഖോ-ഖോ ലോകകപ്പിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകൾ ഫൈനലിൽ. ന്യൂഡൽഹിയിൽ ഇന്നലെ നടന്ന മത്സരത്തിൽ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തിയാണ് പുരുഷ ടീമിന്റെ ഫൈനൽ പ്രവേശനം. നേരത്തെ ഇതേ വേദിയിൽ ദക്ഷിണാഫ്രിക്കയുമായി നടന്ന മറ്റൊരു പോരാട്ടത്തിൽ ഇന്ത്യൻ വനിതാ ടീമും ഫൈനൽ യോഗ്യത നേടിയിരുന്നു. നേപ്പാളാണ് ഫൈനലിൽ ഇന്ത്യൻ വനിതാ ടീമിന്റെ എതിരാളികൾ.

***********************

ഹെഡ്‌ലൈൻ-6എ

**ഐഎസ്എൽ**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഗോവ- ഈസ്റ്റ് ബംഗാളിനെ നേരിടും. രാത്രി 7.30 നാണ് മത്സരം. ഇന്നലെ കൊച്ചിയിൽ നടന്ന കേരള ബ്ലാസ്റ്റേഴ്സ് - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം ഗോൾ രഹിത സമനിലയിൽ അവസാനിച്ചു.

RNU TVPM

***********************

ഹെഡ്‌ലൈൻ-4

**കുടുംബശ്രീ - സരസ് മേള**

പതിനൊന്നാമത് കുടുംബശ്രീ ദേശീയ സരസ് മേളയ്ക്ക് നാളെ ചെങ്ങന്നൂരിൽ തുടക്കമാകും. നഗരസഭ സ്റ്റേഡിയത്തിൽ നടക്കുന്ന മേളയുടെ ഉദ്ഘാടനം വൈകിട്ട് മന്ത്രി എം. ബി. രാജേഷ് നിർവ്വഹിക്കും. മന്ത്രിമാരായ സജി ചെറിയാൻ, പി പ്രസാദ്, നടൻ മോഹൻലാൽ എന്നിവർ പങ്കെടുക്കും. കുടുംബശ്രീയുടേത് ഉൾപ്പെടെ 23 സംസ്ഥാനങ്ങളിൽ നിന്നായി 250 സ്റ്റാളുകളാണ് പ്രദർശന വിപണന മേളയിൽ ഉള്ളത്. ജനുവരി 31 വരെ വരെയാണ് മേള. ഇതിനു മുന്നോടിയായുള്ള വിളംബര ജാഥയിൽ 12,000 കുടുംബശ്രീ വനിതകൾ പങ്കെടുത്തു.

**********************

## നടൻ സെയ്ഫ് അലി

നടൻ സെയ്ഫ് അലി ഖാനെ ആക്രമിച്ച കേസിൽ പിടിയിലായ പ്രതി ബംഗ്ലാദേശ് പൗരനാണെന്നാണ് പ്രാഥമിക നിഗമനമെന്ന് മുംബൈ പോലീസ്. മോഷണ ശ്രമത്തിനായാണ് പ്രതി നടന്റെ വീട്ടിൽ കയറിയത്. പ്രതിയുടെ കൈവശമുള്ള തിരിച്ചറിയൽ രേഖകൾ വ്യാജമാണെന്നും പൊലീസ് പറഞ്ഞു. ഹൗസ് കീപ്പിംഗ് ഏജൻസിയിൽ ജോലി ചെയ്തിരുന്ന പ്രതി സംഭവത്തിന് മുന്പും നടന്റെ വീട് സന്ദർശിച്ചിരുന്നതായാണ് റിപ്പോർട്ട്. കുറ്റകൃത്യത്തിന്റെ ലക്ഷ്യമെന്താണെന്ന കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തണമെന്ന് പൊലീസ് വ്യക്തമാക്കി.

**********************

ഹെഡ്ലൈൻ-5

## മഴ

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

RIJU TVPM

**********************

## ശബരിമല

മകരവിളക്ക് ഉത്സവത്തിന് സമാപനം കുറിച്ച് നാളെ രാവിലെ ശബരിമല നട അടയ്ക്കും. ഇന്നു വരെയാണ് തീർഥാടകർക്ക് ദർശനം നടത്താനാക്കുക. ഇന്ന് വൈകിട്ട് 6 വരെ മാത്രമേ തീർഥാടകരെ പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്ക് കയറ്റിവിടൂ. ഇന്ന് രാത്രി മാളികപ്പുറത്ത് ഗുരുതി പൂജ നടക്കും.

**********************

## സതീഷ് ബാബു

ആകാശവാണിയിലും ദൂരദർശനിലും അസിസ്റ്റന്റ് എൻജിനീയറായി ദീർഘകാലം സേവനമനുഷ്ഠിച്ച വി സതീഷ് ബാബു അന്തരിച്ചു. 77 വയസ്സായിരുന്നു.

***********************

## കെ മുഹമ്മദുണ്ണി അന്തരിച്ചു

മുസ്ലിംലീഗ് നേതാവും കൊണ്ടോട്ടി മുൻ എംഎൽഎയുമായ കെ.മുഹമ്മദുണ്ണി ഹാജിയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

***********************

## താമരശ്ശേരി - പ്രതി അറസ്റ്റിൽ

കോഴിക്കോട് താമരശേരി അടിവാരത്ത് മാതാവ് കൊലപ്പെട്ട കേസിൽ മകനെ താമരശേരി പോലീസ് അറസ്റ്റ് ചെയ്തു. അടിവാരം സ്വദേശി സുബൈദയെ കൊലപ്പെടുത്തിയ കേസിൽ മകൻ മുഹമ്മദ് ആഷിഖ് ആണ് അറസ്റ്റിലായത്. ഇന്നലെ വൈകിട്ടായിരുന്നു സംഭവം. കേസിൽ തുടർ നടപടികൾ ഇന്ന് നടക്കും.

***********************

## മൈനിങ് ആൻഡ് ജിയോളജി വകുപ്പ്

കണ്ണൂർ കല്യാട് വില്ലേജ് പരിധിയിലെ അനധികൃത ചെങ്കല്ല് ഖനന പ്രവർത്തനങ്ങൾക്കെതിരെ മൈനിങ് ആൻഡ് ജിയോളജി വകുപ്പ് നടപടി ആരംഭിച്ചു. അനധികൃതമായി ചെങ്കല്ല് ഖനനം നടത്തുകയും കടത്തുകയും ചെയ്ത 12 ലോറികളും ഒരു മണ്ണുമാന്തി യന്ത്രവും ഇന്നലെ പിടിച്ചെടുത്തു.

RNUTVPM

***********************

## വലിച്ചെറിയൽ വിരുദ്ധ യുവസംഗമം

മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി മാനവീയം വീഥിയിൽ വലിച്ചെറിയൽ വിരുദ്ധ യുവസംഗമം സംഘടിപ്പിക്കും. ലയോളാ കോളേജ് വിദ്യാർത്ഥികൾ ശുചിത്വ മിഷന്റേയും കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റിന്റെയും മാനവീയം തെരുവിടം കൾച്ചർ കളക്റ്റീവിന്റെയും സഹകരണത്തോടെയാണ് ഇന്ന് വൈകിട്ട് പരിപാടി സംഘടിപ്പിക്കുന്നത്.

***********************

## കെയ്റോസ്-പി.എസ്. ശ്രീധരൻപിള്ള

RNU TVPM

കണ്ണൂർ രൂപതയ്ക്ക് കിഴിലെ സാമൂഹ്യ സേവന വിഭാഗമായ കെയ്റോസ് നടത്തുന്ന സേവന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് ഗോവ ഗവർണ്ണർ പി.എസ്. ശ്രീധരൻപിള്ള. കണ്ണൂർ പിലാത്തറയിൽ നടന്ന കെയ്റോസിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾ ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കെയ്റോസ് നിർമ്മിച്ചു നൽകുന്ന ഭവനങ്ങളിൽ പൂർത്തിയായതിന്റെ താക്കോൽ ദാനം കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നിർവഹിച്ചു.

***********************

## കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ

സംസ്ഥാനത്ത് പാരമ്പര്യ വൈദ്യ ചികിത്സാനുമതി അംഗീകൃത യോഗ്യതയും കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും ഉള്ളവർക്ക് മാത്രമാണെന്ന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ. അംഗീകൃത യോഗ്യതയും

രജിസ്ട്രേഷനും ഇല്ലാതെ ചികിത്സിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും കൗൺസിൽ വാർത്താക്കുറിപ്പിൽ അറിയിച്ചു.

*

**************

*******************************

RNU TVPM